# മുത്തനൂർ പള്ളിക്കേസ്

## അമ്പതുകളിൽ മുസ്‌ലിം കേരളത്തിൽ കോളിളക്കമുണ്ടാക്കിയ മുത്തനൂർ പള്ളിക്കേസിന്റെ സംക്ഷിപ്ത റിപ്പോർട്ട്

**കേരള** മുസ്‌ലിം ചരിത്രത്തിലെ പ്രമാദമായ ഒരധ്യായമായിരുന്നു മുത്തനൂർ പള്ളിക്കേസ്. കേരളത്തിൽ മത പരിഷ്കരണ പ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ അതിനു തടയിടാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങിയ പൗരോഹിത്യം ചതുരുപായങ്ങളും പയറ്റി. അതിലൊന്നായിരുന്നു മുത്തന്നൂർ പള്ളിക്കേസ്. പ്രസ്തുത കേസിൽ അന്യായക്കാരായിരുന്ന യാഥാസ്ഥിതികപക്ഷം വിജയിച്ചിരുന്നുവെങ്കിൽ കേരളത്തിൽ നവോത്ഥാനപ്രസ്ഥാനങ്ങളുടെ വളർച്ചയെ അത് സാരമായി ബാധിക്കുമായിരുന്നു. എന്നാൽ ദൈവനിശ്ചയം സത്യത്തിന്റെ പക്ഷത്തായി. പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് പള്ളികളും ഖബറിസ്താനുകളും വിലക്കി അവർക്ക് സമുദായഭ്രഷ്ട് കൽപിക്കാൻ തത്രപ്പെട്ടവർ പരാജയമടഞ്ഞു. അമ്പതുകളിൽ കേരളത്തിൽ കോളിളക്കമുണ്ടാക്കിയ പ്രസ്തുത സംഭവത്തിന്റെ സംക്ഷിപ്ത റിപ്പോർട്ടാണ് ചുവടെ:

മലപ്പുറം ജില്ലയിലെ മഞ്ചേരിക്കടുത്ത ഒരു ഉൾപ്രദേശമാണ് മുത്തന്നൂർ. 1954 മെയ് 24-ന് തൃപ്പനച്ചി അംശത്തിലെ മുത്തന്നൂർ പള്ളി മഹല്ലിലെ ചെമ്പേരി മൊയ്തീൻകുട്ടി മൊല്ല എന്നയാൾ മരണമടഞ്ഞു. അദ്ദേഹത്തിന്റെ മകൻ സി.പി കുഞ്ഞിമൊയ്തീൻ മൗലവി മുജാഹിദ് പ്രവർത്തകനായിരുന്നു. മൊയ്തീൻ കുട്ടി മൊല്ലയുടെ മയ്യിത്ത് മഹല്ലു പള്ളി ഖബറിടത്തിൽ മറവുചെയ്യാൻ കൊണ്ടുവന്നപ്പോൾ ഒരുപറ്റം യാഥാസ്ഥിതികർ വന്ന് അത് തടസ്സപ്പെടുത്തുകയും അവരെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഗത്യന്തരമില്ലാതെ അവർ മയ്യിത്ത് അവിടെ വെച്ച് ഓടിപ്പോയി. അപ്പോൾ മറുപക്ഷം മൃതശരീരം അവിടെ നിന്നെടുത്ത് മൊല്ലയുടെ വീട്ടുമുറ്റത്തുതന്നെ കൊണ്ടുപോയി വെച്ചു. ആ മയ്യിത്ത് മറവുചെയ്യാനാകാതെ ആറുദിവസത്തോളം അവിടെ കിടന്നു. ഒടുവിൽ പ്രദേശത്ത് നിരോധനാജ്ഞ നടപ്പിലാക്കിയ ശേഷം പോലീസ് സംരക്ഷണത്തിൽ മയ്യിത്ത് അതേ പള്ളിയിൽ മറവു ചെയ്തു.

മരണാനന്തരം ഭർത്താവിനു വന്ന ദുഃസ്ഥിതി കണ്ട് മനംനൊന്ത് മൊയ്തീൻകുട്ടി മൊല്ലയുടെ ഭാര്യ ആച്ചുട്ടി ഉമ്മ 11 ദിവസം കഴിഞ്ഞ് ജൂൺ 4-ന് മരണമടയുകയും അതേ ശ്മശാനത്തിൽ തന്നെ ഖബറടക്കപ്പെടുകയും ചെയ്തു.

ഈ സംഭവത്തെ തുടർന്ന് 'വഹാബികളുടെ മയ്യിത്ത് മുത്തനൂർ പള്ളി ഖബ്ർസ്താനിൽ മറവുചെയ്യുന്നത് നിരോധിച്ച് ഒരു ശാശ്വത ഇഞ്ചക്ഷൻ ലഭിക്കാനാ'യി മഞ്ചേരി മുൻസിഫ് കോടതിയിൽ അന്യായം ഫയൽ ചെയ്യപ്പെട്ടു. കേസ് നമ്പർ (ഒറിജിനൽ) 252/1954. ഈ രണ്ടു മയ്യിത്തുകൾ മറവുചെയ്ത നടപടി സുന്നീ വർഗത്തിന് മനോവേദനക്കും മാനഹാനിക്കും കാരണമാവുകയും അന്യായക്കാരന്റെയും കൂട്ടുകാരുടെയും മതവികാരങ്ങളെ വ്രണപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നതായിരുന്നു കാരണം. അന്യായത്തിൽ പ്രതിവിഭാഗത്തെ 'വഹാബിയാ ഖാദിയാനിയാ' വിഭാഗം എന്നാണ് വിശേഷിപ്പിച്ചിരുന്നത്. മുജാഹിദു പക്ഷത്തുനിന്ന് 10 പേരെയും ഒരു അഹ്മദിയെയും പ്രതിചേർത്തു. പള്ളി-ശ്മശാനപ്രവേശം സംബന്ധിച്ച തർക്കം ഇരുവിഭാഗവും തമ്മിലുള്ള മതപരമായ അഭിപ്രായ വ്യത്യാസങ്ങളിലേക്ക് കടന്നുവെന്നതാണ് ഈ കേസിന്റെ പ്രത്യേകത. തന്മൂലം അന്യായ ഭാഗത്തുനിന്ന് സാക്ഷികളായി രംഗത്തു വന്നത് സമസ്തയുടെ അന്നത്തെ പ്രഗത്ഭന്മാരായ രണ്ടു നേതാക്കളായിരുന്നു: ഇ.കെ അബൂബക്കർ മുസ്‌ലിയാരും കെ.കെ അബൂബക്കർ ഹസ്റത്തും. അന്ന് ഫാറൂഖ് റൗദത്തുൽ ഉലൂം അറബിക്കോളേജ് ലക്ചററായിരുന്ന സി.പി അബൂബക്കർ മൗലവിയായിരുന്നു പ്രതിഭാഗം രണ്ടാംസാക്ഷി. 31 ദിവസം നീണ്ടുനിന്ന സാക്ഷിവിസ്താരത്തിനു ശേഷം 1959 ഫെബ്രുവരി 27-ന് കേസ് തള്ളിയ ജഡ്ജി എം. ശേഖരന്റെ വിധിന്യായം ഒരു പണ്ഡിതസംവാദത്തിന്റെ റിപ്പോർട്ടായിരുന്നുവെന്നു പറയാം.

കേസിലെ രണ്ടു കക്ഷികൾ തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച്

അന്യായഭാഗത്തിന്റെ വിശദീകരണം ഇപ്രകാരമായിരുന്നു: "സുന്നികളാണെന്ന് അവകാശപ്പെടുന്ന അന്യായക്കാരും കൂട്ടുകാരും മുഹമ്മദ് നബി അവസാനത്തെ പ്രവാചകനാണെന്ന് വിസ്വസിക്കുന്നവരും; ശരിയായ ഒരു മുസ്‌ലിം നേർച്ച കഴിക്കേണ്ടതും റൂഹാനിയിൽ വിശ്വസിക്കേണ്ടതും ജീവിച്ചിരിക്കുന്നവരുടെ കർമം കൊണ്ട് മരണപ്പെട്ടവർക്ക് ഗുണം കിട്ടുമെന്ന് വിശ്വസിക്കേണ്ടതുമാണെന്ന് വിശ്വസിക്കുന്നവരും; റമദാനിൽ 20 റക്അത്ത് തറാവീഹ് നമസ്കരിക്കണമെന്നും ഖത്തം ദുആ ഇരക്കലും മൗലൂദും കഴിക്കണമെന്നും, മയ്യിത്ത് കൊണ്ടുപോകുമ്പോഴും മറവു ചെയ്യുമ്പോഴും കലിമ ചൊല്ലേണമെന്നും വിശ്വസിക്കുന്നവരുമാണ്." ഈ വാദം തെളിയിക്കുന്നതിനുവേണ്ടിയാണ് പ്രമുഖ പണ്ഡിത നേതാക്കളെ അന്യായക്കാരൻ രംഗത്തിറക്കിയത്.

മൊയ്തീൻകുട്ടി മൊല്ല വഹാബിയാ ഖാദിയാനിയാ ആയിരുന്നുവെന്ന വാദം ആദ്യമേ തള്ളിയ കോടതി വഹാബികളും ഖാദിയാനികളും തമ്മിലുള്ള വ്യത്യാസം അന്യായക്കാരന് മനസ്സിലായിട്ടില്ലെന്നു വ്യക്തമാക്കി. തുടർന്ന് ഇരുപക്ഷവും തമ്മിലുള്ള വ്യത്യാസമായി എടുത്തു പറഞ്ഞ സംഗതികൾ പ്രമാണങ്ങളുടെ വെളിച്ചത്തിൽ കോടതി വിശകലനവിധേയമാക്കി. ഒരാൾ ശരിയായ മുസ്‌ലിമാകുന്നതിന് ഉപര്യുക്ത കാര്യങ്ങളെല്ലാം അനുഷ്ഠിക്കേണ്ടതാണെന്നുണ്ടോ എന്നായിരുന്നു നീതിപീഠത്തിന്റെ അന്വേഷണം.

മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്ന് ഇരുപക്ഷവും വിശ്വസിക്കുന്നു. എന്നാൽ പ്രവാചകതിരുമേനി(സ) മരണമുള്ളവരോ അനശ്വരനോ എന്ന ചോദ്യത്തിന്, പരിശുദ്ധ പ്രവാചകൻ മരിച്ചു പോകുന്ന സാധാരണക്കാരേക്കാൾ ചില പ്രത്യേകതകളവകാശപ്പെട്ടിട്ടുണ്ടെന്നും മുഹമ്മദ് നബി ഒരു സാധാരണ മനുഷ്യൻ മാത്രമാണെന്ന് വല്ലവരും പറഞ്ഞാൽ അത് നബിയുടെ കഴിവിനെ നിസ്സാരമാക്കി പറയലാകകൊണ്ട് അവർ ഇസ്‌ലാമിൽനിന്ന് പുറത്തുപോകുമെന്നും ഒന്നാംസാക്ഷി വ്യക്തമാക്കി. നബിയെയും നബിയുടെ കഴിവുകളെയും നിസ്സാരമാക്കുന്നവരെ മതത്തിൽനിന്ന് പുറന്തള്ളേണ്ടതാണെന്നും കാരണം നബിയുടെ നബി ദൈവസൃഷ്ടികളിൽ അത്യുത്തമനാണെന്ന് എല്ലാ മുസ്‌ലിംകളും സമ്മതിക്കുന്നുണ്ടെന്നും മൂന്നാം സാക്ഷി മൊഴി നൽകി. അതേസമയം ഖുർആനിലെ 41:6-ാം സൂക്ത(*സൂറ: ഫുസ്സിലത്ത് : 6*)ത്തിൽ 'നിങ്ങളുടെ ദൈവം ഏകനാണെന്ന് സ്ഥാപിക്കാൻ നിയക്തനായ ഇതര പ്രവാചകന്മാരെപ്പോലെയുള്ള ഒരു പ്രവാചകൻ തന്നെയാണ് നബി'യും എന്നു പറഞ്ഞിട്ടുണ്ടെന്ന് അയാൾ സമ്മതിക്കേണ്ടി വന്നതായി കോടതി രേഖപ്പെടുത്തി.

ഇവർക്കെതിരായ തെളിവുകൾ പ്രതിഭാഗം രണ്ടാം സാക്ഷി ഫാറൂഖ് റൗദത്തുൽ ഉലൂം കോളേജിലെ ലക്ചറർ ആയിരുന്ന സി.പി അബൂബക്കർ മൗലവി നൽകി. മുഹമ്മദ് നബി സൃഷ്ടികളിൽവെച്ച് അത്യുൽകൃഷ്ടനാണെന്നും പക്ഷേ, അതുകൊണ്ട് നബിക്ക് അമാനുഷിക ശക്തികളുണ്ടെന്നർഥമില്ലെന്നും, അതെല്ലാം അല്ലാഹു നബിയെക്കൊണ്ട് ചെയ്യിച്ചതാണെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. ഈ സംഗതിയെപ്പറ്റി ഖുർആൻ എന്തുപറയുന്നുവെന്ന് വിശകലനം ചെയ്ത കോടതി സൂറ അൽ അഅ്റാഫ് : 188, അൽ കഹ്ഫ്: 110, ഹാമീം അസ്സജദ: 6, അൽ ജിന്ന്: 21, 22 എന്നീ സൂക്തങ്ങളുടെ അർഥം പരിശോധിച്ചു. അല്ലാമാ യൂസുഫലിയുടെ ഖുർആൻ പരിഭാഷയാണ് ജഡ്ജി അവലംബിച്ചത്. അതിനുള്ള കാരണം പറഞ്ഞതിപ്രകാരമാണ്: "യൂസുഫലിയുടെ ഖുർആൻ പരിഭാഷ സ്വീകാര യോഗ്യമല്ലെന്ന് അഭിജ്ഞനായ അന്യായ ഭാഗം വക്കീൽ ഒരവസരത്തിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അന്യായഭാഗം ഒന്നും മൂന്നും സാക്ഷികളുടെ കലർപ്പുകൂട്ടിയ മൊഴിയേക്കാൾ കൂടുതൽ പ്രാമാണ്യം നൽകേണ്ടത് യൂസുഫലിയുടെ ഗ്രന്ഥത്തിനാണെന്ന് എനിക്ക് തോന്നുന്നു." തുടർന്ന് മേൽപറഞ്ഞ വിഷയസംബന്ധമായി കോടതിയുടെ തീർപ്പ് ജഡ്ജി ഇങ്ങനെ വായിച്ചു:

"അന്യായഭാഗം മൂന്നാം സാക്ഷി ഈ വ്യാഖ്യാനത്തോട് യോജിക്കുന്നുണ്ട്. നബിയും നമ്മെപ്പോലെ ഒരു മനുഷ്യനാണെന്നും വഹ്‌യ് മൂലം ദൈവം ഏകനാണെന്നു പ്രചരിപ്പിക്കാനുള്ള അധികാരം ലഭിച്ചതും, വഹ്‌യ്മൂലം മറ്റെല്ലാ സൃഷ്ടികളേക്കാളും നബിയെ ഉയർത്തിയതുമാണ് വ്യത്യാസമുള്ളതെന്നും നബിതന്നെ സമ്മതിച്ചതായി മുൻ പ്രസ്താവിച്ച ഖുർആൻ വചനങ്ങളിൽനിന്നും സംശയാതീതമായി തെളിയുന്നുണ്ട്. ആ ദിവ്യബോധനം കൊണ്ട് അദ്ദേഹം ദൈവസൃഷ്ടികളിൽവെച്ച് ഏറ്റവും ശ്രേഷ്ഠനും ദൈവത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയുമായിത്തീർന്നു. പക്ഷേ, അനശ്വരനാണെന്ന് അതിനർഥമില്ല. നബി അമാനുഷികശക്തികൾ അവകാശപ്പെട്ടിരുന്നുവെങ്കിൽ അല്ലാഹുവിന്റെ കൽപനകൂടാതെ അദ്ദേഹത്തിന് ഒരാൾക്കും ഗുണമോ ദോഷമോ ചെയ്യാൻ ശക്തിയില്ലെന്ന് ഖുർആൻ പറയുമായിരുന്നില്ല. ഇതിൽനിന്നെല്ലാം, ഒരാൾ നബിക്ക് അമാനുഷിക ശക്തിയില്ലെന്നു പറഞ്ഞാൽ അത് ഖുർആനിൽ പറഞ്ഞതിനെ ആവർത്തിക്കുക മാത്രമാണെന്നാണ് എനിക്ക് മനസ്സിലാകുന്നത്. അയാൾ മതത്തെയോ പരിശുദ്ധ പ്രവാചകനെയോ നിസ്സാരമാക്കുകയാണെന്ന് പറഞ്ഞുകൂടാ. അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ടതുകൊണ്ട് അല്ലാഹുവുമായി ഏറ്റവും അടുത്ത് നിൽക്കുന്നുവെന്നതാണ് സാധാരണക്കാർക്കും സമുന്നതനായ പ്രവാചകന്നുമിടയിലുള്ള വ്യത്യാസം. ഈ

സംഗതിയെ നിഷേധിക്കാത്ത കാല ത്തോളം, മുഹമ്മദ് നബി അത്ഭുത കൃത്യങ്ങൾ കാണിച്ചത് അല്ലാഹു വിന്റെ സഹായത്തോടുകൂടിയാ ണെന്ന് പറയുന്നതുകൊണ്ട് നബി യുടെ നബിത്വത്തെ നിസ്സാരമാക്കുക യാണെന്ന വാദത്തിന് ഞാൻ ഒരർഥവും കാണുന്നില്ല.

വിധിന്യായം തുടരുന്നു:

കക്ഷികൾക്കിടയിലുള്ള രണ്ടാമത്തെ വ്യത്യാസം നേർച്ച, ശ്മശാന സ്ഥലത്ത് വെച്ചുള്ള പാരായണം, മരിച്ചവരോടും രക്തസാക്ഷികളായവരോടും മലക്കുകളോടും സഹായത്തെ തേടുക മുതലായവയാണ്. പരിശുദ്ധ ഖുർആനിൽ ഇതെല്ലാം സാധൂകരിക്കുന്ന വല്ല ഭാഗവും ഉണ്ടോ എന്നാണ് നമുക്ക് നോക്കാനുള്ളത്. അന്യായഭാഗം ഒന്നാം സാക്ഷി (ഇ.കെ അബൂബക്കർ മുസ്‌ലിയാർ) അയാളുടെ തെളിവ് 18-ാം പേജിൽ യൂസുഫലിയുടെ 1066-ാം പേജിൽ കൊടുത്ത, ആയത്ത് 52(സൂറ: അർറൂം)-ന് മരിച്ചവർക്ക് കേൾക്കാൻ കഴിയുകയില്ലെന്നർഥമില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ പേജ് 997 ആയത്ത് 80-ലും (സൂറ: അന്നംല്) മരിച്ചുപോയവർക്ക് കേൾക്കാനോ കാണാനോ സാധിക്കുകയില്ലെന്ന് പറയുന്നില്ലായെന്ന് അയാൾ പറഞ്ഞു. ഈ സാക്ഷിതന്നെ ഒരു മുസ്‌ലിം നാഗൂരിലെയോ മമ്പുറത്തെയോ അജ്മീറിലെയോ പുണ്യവാന്മാരോട് പ്രാർഥിക്കാത്തതുകൊണ്ട് മാത്രം ഒരാൾ വഹാബിയായിത്തീരുന്നതല്ലെന്ന് അയാളുടെ തെളിവ് 19-ാം പേജിൽ പറയുന്നു.

ഈ സാക്ഷിയോട് ഇബ്നുഹജറിന്റെ അൽ ഇഅ്ലാം 169-ാം പേജിൽനിന്ന് ഒരു ഭാഗത്തിന്റെ അർഥം പറയാനാവശ്യപ്പെട്ടു. അയാളിങ്ങനെ മൊഴി നൽകി: ആരെങ്കിലും അല്ലാഹു ഒഴികെ മറ്റാരെയെങ്കിലും ആരാധിച്ചാൽ അവൻ മതത്തിൽനിന്നു പുറത്തുപോകുന്നതാണ്. ഒരു മുസ്‌ലിം അല്ലാഹുവിനെ മാത്രമേ ആരാധിക്കുകയുള്ളൂ. മറ്റാരെയും ആരാധിക്കുകയില്ല എന്നുള്ളത് ഇസ്‌ലാമിന്റെ സ്വീകാര്യവും അംഗീകൃതവുമായ ഒരു നയമാണ്. ഇസ്‌ലാമിൽ മറ്റൊരു പ്രാർഥനക്ക് വഴിയില്ലായെന്നതും ഇസ്‌ലാമിന്റെ ഒരംഗീകൃത നിർദേശമായി ഞാൻ ഗണിക്കുന്നു. ഈ സാക്ഷിക്ക് തക്മില എന്ന ഗ്രന്ഥം കൊടുത്തു. അതിന്റെ 168-ാം പേജിൽ നിന്നൊരു ഭാഗം അയാൾക്ക് കാണിച്ചു കൊടുത്തുവെങ്കിലും അല്ലാഹുവിനെ കൂടാതെ മറ്റാരോടും അനുഗ്രഹത്തെ തേടാൻ പാടില്ലെന്ന് ആ ഭാഗംകൊണ്ട് കാണുന്നില്ലെന്നാണ് അയാൾ പറഞ്ഞത്. ഇത്രയുമാണ് അന്യായ ഭാഗം ഒന്നാം സാക്ഷിയുടെ തെളിവ്.

ദൈവത്തിന് പുറമെ മറ്റാരോടും നമുക്ക് ഒരു പ്രാർഥനയും നടത്താൻ പാടില്ലെന്ന് തക്മിലയിൽ പറഞ്ഞിട്ടില്ലെന്ന് അന്യായഭാഗം മൂന്നാം സാക്ഷി ഉറപ്പിച്ചുപറയുന്നുണ്ട്. അയാളുടെ അഭിപ്രായത്തിൽ അല്ലാഹുവിനെ കൂടാതെ മറ്റാരെയും നാം ആശ്രയിക്കരുത് എന്ന് മാത്രമേ അതിൽ പറയുന്നുള്ളൂ. പേജ് 607-ൽ സൂറഃ അർറഅ്ദിലെ ആയത്ത് 14-നെ ആസ്പദമാക്കി (യൂസുഫലി) സാക്ഷി അയാളുടെ തെളിവ് 28-ാം പേജിൽ അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്ന ജനങ്ങൾ ദാഹശമനത്തിന് സാധിക്കാതെ വെള്ളത്തിലേക്കു കൈനീട്ടിക്കൊണ്ടിരിക്കുന്ന ജനതയെപ്പോലെയാണെന്ന് പറയുന്നു. ഇബ്നു ഹജറിന്റെ അൽ ഇഅ്ലാം 169-ാം പേജിൽനിന്നൊരു ഭാഗത്തിന്റെ അർഥം പറയാൻ അയാളോടാവശ്യപ്പെട്ടപ്പോൾ, അല്ലാഹുവിന്റെയും മനുഷ്യന്റെയുമിടയിൽ മധ്യവർത്തികളെ സ്വീകരിക്കുന്ന മനുഷ്യൻ മതത്തിൽനിന്ന് പുറത്തുപോകുന്നതാണെന്ന് പറഞ്ഞു.

ഖുർആനിലെ സൂറഃ അഞ്ചിലെ 116, 117, 118 എന്നീ ആയത്തുകളിൽ അല്ലാഹുവിനെയല്ലാതെ മറ്റാരെയും ആരാധിക്കുന്നത് തെറ്റാണെന്ന് വ്യക്തമാക്കിയിട്ടുള്ളതായി സാക്ഷി അയാളുടെ തെളിവിന്റെ 32-ാം പേജിൽ സമ്മതിച്ചിട്ടുണ്ട്.

ബുഖാരി വാള്യം 11, പേജ് 490, 491 ഉദ്ധരിച്ചുകൊണ്ട് അല്ലാഹുവിന്റെ ശാസനക്കെതിരായ നേർച്ച വിരോധിക്കപ്പെട്ടതാണെന്ന് ഈ സാക്ഷി സമ്മതിക്കുന്നു. റാസി, വാള്യം 4, പേജ് 819-ൽ ബിംബാരാധനയെപ്പറ്റി പ്രതിപാദിക്കുന്നുവെന്നും, ആ വ്യാഖ്യാതാവിന്റെ അഭിപ്രായത്തിൽ ഖബറിങ്ങൽ നടത്തുന്ന ആരാധനയും ബിംബാരാധനയെപ്പോലെ കരുതണമെന്നാണെന്നും സാക്ഷി പറയുന്നു. ബിംബാരാധനയെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുകയില്ലെന്ന് പരക്കെ ബോധ്യമായ ഒരു സംഗതിയാണ്.

അന്യായഭാഗം ഒന്നും മൂന്നും സാക്ഷിയുടെ തെളിവുകൊണ്ടുതന്നെ വല്ലവരും ദൈവത്തിനും മനുഷ്യനുമിടയിൽ ഇടയാളന്മാരെ കൽപിച്ചാൽ അവൻ ഇസ്‌ലാമിൽനിന്ന് പുറത്താണ്. ഈ സാക്ഷികളുടെ അഭിപ്രായത്തിൽ മരിച്ചവരോടും ശുഹദാക്കളോടും ഔലിയാക്കളോടുമെല്ലാം പ്രാർഥിക്കുന്നത് ന്യായവിചാരണ ദിവസം അവർ അല്ലാഹുവിനോട് ശിപാർശചെയ്യാൻ വേണ്ടിയാണ്. അവർക്ക് ശിപാർശക്കുള്ള അധികാരമില്ലെങ്കിൽ, ഇതെല്ലാം നിർബന്ധമാണെന്നോ മതത്തിന്റെ അടിസ്ഥാനതത്വങ്ങളാണെന്നോ പറയാൻ പാടുള്ളതല്ല.

പ്രതിഭാഗം 2-ാം സാക്ഷിയുടെ തെളിവിൽ ഒരു മുസ്‌ലിമിന് ദൈവത്തോടല്ലാതെ മറ്റാരോടും പ്രാർഥിക്കാൻ പാടില്ലെന്ന് പറയുന്നു. മരിച്ചവരോട് പ്രാർഥിക്കുന്നതുകൊണ്ട് യാതൊരു ഗുണവുമുണ്ടാകുന്നതല്ലെന്ന് ഖുർആൻകൊണ്ട് തെളിയുമെന്ന് അദ്ദേഹം പറയുന്നു. ബുഖാരി വാള്യം: 11, പേജ്: 489 മുതൽ 491 കൂടി നേർച്ചയെപ്പറ്റി പ്രതിപാദിക്കുന്നുവെന്നും അത് (നേർച്ച) ഒരു ദോഷത്തെയും തടയാത്തതുകൊണ്ട് നബി നേർച്ച വിരോധിച്ചിട്ടുണ്ടെന്നും

സാക്ഷി തുടർന്നുകൊണ്ട് അയാളുടെ തെളിവ് 12-ാം പേജിൽ പറയുന്നു. ശാഫിഈയുടെ *ഉമ്മ്* എന്ന ഗ്രന്ഥത്തെ എടുത്തുകാണിച്ചുകൊണ്ട് മക്കായിലെ പലരുടെയും ഖബ്റുകൾ നശിപ്പിച്ചുകളഞ്ഞ ഒരു മുൻചരിത്രം ഇമാമുകൾ റിപ്പോർട്ടു ചെയ്തിട്ടുള്ളതായി സാക്ഷി പറഞ്ഞു. റാസീ വാള്യം: 4, പേജ്: 819-ൽനിന്ന് ഒരു ഭാഗം സാക്ഷി ഇങ്ങനെ വിവരിച്ചു: "ബിംബാരാധകന്മാർ ദൈവത്തിന്റെയും മഹാത്മാക്കളുടെയും ബിംബങ്ങൾ നിർമിക്കുന്നു. ഈ ബിംബങ്ങൾ അല്ലാഹുവിന്റെ മുമ്പാകെ ശുപാർശ ചെയ്യുമെന്ന് അവർ പ്രതീക്ഷിക്കുന്നു. ഇതുപോലെ ഇക്കാലത്ത് വളരെയാളുകൾ മഹാത്മാക്കളുടെ ഖബറുങ്ങൽ ആരാധന നടത്തുന്നുണ്ട്. ഖബറിനെ പൂജിച്ചാൽ ആ മഹാത്മാക്കൾ അല്ലാഹുവിന്റെ മുമ്പാകെ അവർക്കുവേണ്ടി ശുപാർശ ചെയ്യുമെന്നാണ് അവരുടെ വിശ്വാസം."

പ്രതിഭാഗം രണ്ടാം സാക്ഷി അയാളുടെ തെളിവ് 37-ാം പേജിൽ റസൂലിന്റെ ഖബറിങ്ങലേക്ക് പോകുമ്പോൾ തന്റെ രക്ഷ തേടുകയും അല്ലാഹുവിനോട് പ്രാർഥിക്കാൻ പറയുകയും ചെയ്യുമെന്ന് *അദ്കാർ* പേജ്: 92-ൽ പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു. ഖുർആൻ സൂറ: 2, ആയത്ത്: 255-നെ പുരസ്കരിച്ചുകൊണ്ട് സാക്ഷി പറയുന്നു: "അനാശ്രയനായിക്കൊണ്ട് എന്നും നിൽക്കുന്ന അല്ലാഹുവിനെയല്ലാതെ നമുക്ക് ആരാധിക്കാൻ പറ്റിയ ഒരാളുമില്ല. അവൻ ഒരിക്കലും അലസതയോ ഉറക്കോ പിടിപെടുന്നവനല്ല. ഈ ലോകത്തുള്ളതെല്ലാം അവന്റേതാകുന്നു. അവന്റെ സമ്മതമില്ലാതെ അവനോട് ശുപാർശ ചെയ്യാൻ ആർക്കാണ് സാധിക്കുക!" ഫതാവർ റംലി വാള്യം: 3, പേജ്: 382-ൽ, ദുർഘട ഘട്ടങ്ങളിൽ അജ്ഞരും നിരക്ഷരകുക്ഷികളുമായ ആളുകൾ മരിച്ചവരോട് പ്രാർഥിക്കാറുണ്ടെന്ന് സാക്ഷി(യുടെ തെളിവ്) 51-ാം പേജിൽ പറയുന്നു.

എതിർ വിസ്താരം പേജ് 76-ൽ ഈ സാക്ഷി നേർച്ചകൾ മൂന്നു തരമുണ്ടെന്ന് പറഞ്ഞിരിക്കുന്നു. 1. മതനിയമങ്ങളനുസരിച്ച് ദൈവത്തിനുള്ളത്. 2. വ്യക്തിക്ക് വല്ല ഗുണവും ഉദ്ദേശിച്ചുകൊണ്ട് ദൈവത്തിനുള്ളത്. 3. ദൈവത്തിനല്ലാതെ മറ്റാർക്കെങ്കിലുമുള്ളത്. വല്ലനേട്ടവും പ്രതീക്ഷിച്ചുകൊണ്ട് നടത്തപ്പെടുന്ന നേർച്ചയാണ് വിരോധിക്കപ്പെട്ടതെന്ന് ഫത്ഹുൽ ബാരി വാള്യം: 11 പേജ്: 490 – 91 പ്രമാണമാക്കിക്കൊണ്ട് സാക്ഷി പറഞ്ഞു. കാരണം ദൈവസാമീപ്യവുമല്ല ആ നേർച്ചയുടെ ഉദ്ദേശ്യം.

ഇതാണ് വിദഗ്ധന്മാരെന്ന് പറയപ്പെടുന്ന മൂന്ന് സാക്ഷികളുടെ മൊഴികൾ. അന്യായഭാഗം ഒന്നും മൂന്നും സാക്ഷികൾ വളരെ വിസ്തീർണത്തോടുകൂടിയല്ലെങ്കിലും മരിച്ചവരോട് പ്രാർഥിക്കുന്നതിനെയും ഖബറിങ്ങൽ ആരാധിക്കുന്നതിനെയും പറ്റി അവരുടെ സിദ്ധാന്തങ്ങൾക്കെതിരായ ചില രേഖകളുണ്ടെന്ന് സമ്മതിക്കേണ്ടിവന്നു. പ്രതിഭാഗം രണ്ടാം സാക്ഷി ഇത്തരം സംഗതികളെല്ലാം മതത്തിന്നെതിരാണെന്ന് ഒന്നാമത്തെ വിസ്താരത്തിൽ ഉറപ്പിച്ച് പറയുകയുണ്ടായി.

ഇതിൽനിന്നെല്ലാം അല്ലാഹുവിനെ കൂടാതെ നാം ആരോടും പ്രാർഥിക്കരുതെന്നും മരിച്ചുപോയവർക്ക് കേൾക്കാനോ കാണാനോ സാധിക്കയില്ലെന്നും ഖുർആനിൽ കൽപിച്ചിട്ടുണ്ടെന്ന് ധാരാളം വ്യക്തമാകുന്നതാണ്. ഈ സംഗതികളെ പ്പറ്റി പല മതപണ്ഡിതന്മാരും പല വിധത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. അറബിഭാഷയിൽ എനിക്കുള്ള അജ്ഞത നിമിത്തം എനിക്കത് മനസ്സിലാക്കാൻ വളരെ പ്രയാസമുണ്ട്. ആ സ്ഥിതിക്ക് കണിശമായ ഒരു തീരുമാനമെടുക്കാൻ ഞാനാഗ്രഹിക്കുന്നില്ല.

മരിച്ചുപോയവരോട് പ്രാർഥിക്കാത്തതിന്റെയോ, ശ്മശാനത്തിൽ പ്രാർഥന നടത്താത്തതിന്റെയോ, ശുഹദാക്കൾക്ക് നേർച്ച കഴിക്കാത്തതിന്റെയോ മഹാത്മാക്കളോട് സഹായത്തിന്നപേക്ഷിക്കാത്തതിന്റെയോ പേരിൽ ഒരാൾ മുസ്‌ലിമല്ലാതാകയില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. അത് അയാളുടെ ഇഷ്ടത്തിനും സൗകര്യത്തിനും വിട്ടുകൊടുത്ത കാര്യമാണ്.

പക്ഷേ, ദൈവത്തിനും മനുഷ്യനുമിടയിൽ മധ്യവർത്തിയെ നിശ്ചയിക്കുന്നവൻ മതത്തിൽനിന്നു പുറത്താണ്. അതിനാൽ മരണപ്പെട്ടവരോട് പ്രാർഥിക്കാത്തതുകൊണ്ടോ നേർച്ച കഴിക്കാത്തതു കൊണ്ടോ പ്രതികളിൽ കുറ്റം കാണാൻ ഒരാൾക്കും സാധ്യമല്ല.

ജീവിച്ചിരിക്കുന്നവർ (മയ്യിത്ത് കൊണ്ടുപോകുമ്പോൾ) കലിമ ചൊല്ലുന്നതും *തൽഖീൻ* ചൊല്ലുന്നതും മതത്തിൽ നിർബന്ധമാണോ എന്നും ജീവിച്ചിരിക്കുന്നവരുടെ പാരായണംകൊണ്ട് മരിച്ചവർക്ക് വല്ല ഗുണവും കിട്ടുമോ എന്നുമാണ് മൂന്നാമത്തെ ചോദ്യം. ഈ കേസ്സു നടന്നുകൊണ്ടിരിക്കെ കക്ഷികൾ പരസ്പരം ചോദ്യോത്തരങ്ങൾ കൈമാറിയിട്ടുണ്ടെന്ന് മുൻഖണ്ഡികയിൽ ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ വിഷയത്തെ സംബന്ധിച്ച ഒരു ചോദ്യത്തിനുള്ള മറുപടിയിൽ (മയ്യിത്തിനെ അനുഗമിക്കുമ്പോൾ കലിമ ചൊല്ലുന്നത് നിർബന്ധമല്ലെന്ന് പ്രതികൾ പറഞ്ഞിട്ടുണ്ട്. പക്ഷേ, അങ്ങനെ ചെയ്യുന്ന ജനങ്ങളോട് അവർക്ക് വിരോധമില്ല. അതുപോലെ തന്നെ മരിച്ചവരുടെ ഖബറിങ്ങൽ വെച്ച് ഖുർആൻ പാരായണം ചെയ്യുന്നതിന് മതം കൽപിച്ചിട്ടില്ല എന്നവർ പറയുന്നു. ധനികന്മാർ അങ്ങനെ ചെയ്തുവരുന്നതിന് അവർക്കൊരു വിരോധവുമില്ല. കലിമയും *തൽഖീ*നും നിർബന്ധമില്ലെന്നാണ് പ്രതികളുടെ നില. അതൊരാചാരമായി സ്വീകരിച്ചവരോട് അവർക്ക് വിരോധവുമില്ല. വിദഗ്ധന്മാരെന്ന് പറയപ്പെടുന്ന സാക്ഷികളിലൂടെ തെളി

വുകൾ പരിശോധിച്ച് ഈ വിഷയത്തെപ്പറ്റി അവരുടെ അഭിപ്രായമെന്തെന്ന് നോക്കാം:

നവവിയുടെ ശർഹുമുസ്‌ലിം അനുസരിച്ച് ഒരാൾ ഖുർആൻ പാരായണം ചെയ്യുന്നതുകൊണ്ട് മറ്റൊരാൾക്ക് അതിന്റെ പ്രതിഫലം കിട്ടുന്നതല്ലെന്ന് അന്യായഭാഗം ഒന്നാം സാക്ഷിയുടെ തെളിവ് 21-ാം പേജിൽ സമ്മതിച്ചിട്ടുണ്ട്. സൂറഃ 53-ലെ 39-ഉം 40-ഉം ആയത്തുകളും (അങ്ങനെ കിട്ടുമെന്ന) ഈ സിദ്ധാന്തത്തിന്നെതിരാണെന്നു അയാൾ പറഞ്ഞിട്ടുണ്ട്. തെളിവ് 33-ാം പേജിൽ സാക്ഷി ഇങ്ങനെ പറയുന്നു: "ജനനന്മക്കു വേണ്ടി ചെയ്തുവെച്ച ഫലപ്രദമായ ഏർപ്പാടുകളും വിദ്യാഭ്യാസ പ്രചാരണപ്രവർത്തനങ്ങളും സന്തതികളുടെ പ്രാർഥനയും മാത്രമേ ഒരാൾക്ക് (മരണശേഷം)ഫലസിദ്ധിയുണ്ടാക്കിക്കൊണ്ടിരിക്കുകയുള്ളൂവെന്നും ഹദീസിൽ വന്നിട്ടുണ്ട്." ശർഹുമുസ്‌ലിം വാള്യം: 2, പേജ്: 41 -ൽ നിന്നൊരു ഭാഗം തർജമ ചെയ്യാൻ അയാളോട് ആവശ്യപ്പെട്ടു. ഒരാളുടെ ഖുർആൻ പാരായണം കൊണ്ട് മരിച്ചുപോയവർക്ക് ഒരു ഗുണവും കിട്ടുകയില്ലെന്ന് അതിൽ പറഞ്ഞിട്ടില്ല എന്നാണ് അയാൾ ആദ്യം പറഞ്ഞത്. പക്ഷേ, പദാനുപദം അർഥം പറയാനാവശ്യപ്പെട്ടപ്പോൾ ഒരാൾ ഖുർആൻ ഓതുന്നതുകൊണ്ട് മറ്റൊരാൾക്ക് ഗുണം കിട്ടുകയില്ലെന്നാണ് പ്രാമാണികന്മാരായ എല്ലാവരുടെയും അഭിപ്രായമെന്ന് അതിൽ പ്രസ്താവിച്ചിരിക്കുന്നതായി സാക്ഷി സമ്മതിച്ചു.

കേരളത്തിലെ സുന്നീ മുസ്‌ലിംകൾക്ക് സ്വതന്ത്രമായി *അൽബയാൻ* എന്ന പേരിൽ ഒരു മാസികയുണ്ടെന്ന് തെളിവ് 22-ാം പേജിൽ അയാൾ പറയുന്നു. ഒരു കാടേരി മുഹമ്മദ് മുസ്‌ലിയാരായിരുന്നു അതിന്റെ പത്രാധിപർ. ബി. 5 എന്ന രേഖ ആ മാസികയുടെ ഒരു കോപ്പിയാണ്. കാടേരി മുഹമ്മദ് മുസ്‌ലിയാരുടെ അഭിപ്രായത്തിലും (മയ്യിത്ത് കൊണ്ടുപോകുമ്പോൾ) കലിമ ചൊല്ലേണ്ടതില്ലെന്ന് സാക്ഷി സമ്മതിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സുന്നികളുടെ ഔദ്യോഗിക പത്രത്തിൽതന്നെ കലിമ ചൊല്ലുന്നതിന് എതിരായ ലേഖനമുണ്ട്. ബി. 6 എന്ന രേഖ മുഹമ്മദ് മുസ്‌ലിയാരുടെ മറ്റൊരു ഗ്രന്ഥമാണ്. മയ്യിത്തു മറവു ചെയ്യാൻ കൊണ്ടുപോകുമ്പോൾ ജനങ്ങൾ, മരണപ്പെട്ട ആളുടെ കഴിഞ്ഞുപോയ കാലത്തെയും ഭാവിയെയും പറ്റി ചിന്തിച്ചുകൊണ്ടിരിക്കണമെന്നും അങ്ങനെ ശാന്തരായി ചിന്തിച്ചുകൊണ്ട് അവർ മയ്യിത്തിനെ അനുഗമിക്കുകയാണെങ്കിൽ അവർ അല്ലാഹുവുമായി കൂടുതൽ അടുക്കുന്നതാണെന്നും ആ ഗ്രന്ഥത്തിന്റെ 23-ാം പേജിൽ പറഞ്ഞിട്ടുണ്ട്. സർവസമ്മതനായ ഒരു സുന്നിയുടെ പ്രമാണമായി ഹാജരാക്കിയ ബി. 6 എന്ന രേഖയിലും ജനങ്ങൾ (മയ്യിത്ത് കൊണ്ടുപോകുമ്പോൾ) കലിമ ചൊല്ലേണ്ടതില്ലെന്ന നിർദേശമുണ്ട്.

നവവിയുടെ അഭിപ്രായപ്രകാരം ശബ്ദമുയർത്തിക്കൊണ്ട് കലിമഃ ചൊല്ലാൻ പാടില്ലെന്ന് അന്യായഭാഗം ഒന്നാംസാക്ഷി സമ്മതിക്കുന്നുണ്ട്. ആകയാൽ സ്വന്തം തെളിവുകൾകൊണ്ടുപോലും, ഒരന്യൻ ഖുർആൻ ഓതുന്നതുകൊണ്ടോ, മയ്യിത്ത് സംസ്കരണ വേളയിൽ ജനങ്ങൾ കലിമഃ ചൊല്ലുന്നതുകൊണ്ടോ വല്ല ഗുണവും ലഭിക്കുമെന്ന സിദ്ധാന്തത്തെ സ്ഥാപിക്കാൻ ഒന്നാം സാക്ഷിക്ക് കഴിഞ്ഞിട്ടില്ല.

രണ്ടാമത്തെ വിദഗ്ധനായ അന്യായ ഭാഗം 3-ാം സാക്ഷി കലിമഃ പതുങ്ങിയ സ്വരത്തിൽ ചൊല്ലണമെന്ന് പറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. പക്ഷേ, *ഫത്താവൽകുബ്റാ* വാള്യം. 2, പേജ് 31-ൽനിന്ന് ഒരു ഭാഗം പരിഭാഷപ്പെടുത്താൻ അയാളോടാവശ്യപ്പെട്ടു. തെറ്റായ ഒരർഥം കിട്ടുന്നതിനാൽ പദാനുപദം പരിഭാഷപ്പെടുത്താൻ തനിക്കു പാടില്ലെന്ന് അയാൾ പറഞ്ഞു. ഒരു തെളിവ് 31-ാം പേജിൽ അയാൾ (3-ാം സാക്ഷി) ഇപ്രകാരം പറയുന്നു: "തൽഖീൻ ഓതുന്നതിനെപ്പറ്റി ഞാൻ ഹമ്പലിയോട് ചോദിച്ചു. ഒരു കൂട്ടം സഹചാരികൾ അത് ചെയ്യുന്നതായി ഞാൻ കണ്ടുവെന്നും അത് ഒരു ഒറ്റപ്പെട്ട സംഭവമാണെന്നും അദ്ദേഹം മറുപടി പറയുകയുണ്ടായി."

*ശർഹുമുസ്‌ലിം* വാള്യം: 2, പേജ്: 41 സാക്ഷിക്ക് കാണിച്ചുകൊടുത്തു. കോടതിയിൽ ബോധിപ്പിച്ച കയ്പീത്തിൽ 38-ാം പേജിൽ കാണുന്ന മൊഴിയിൽനിന്നും ഈ സാക്ഷി ഒരു കരണംമറിച്ചിലിന് ശ്രമിക്കുകയായിരുന്നുവെന്ന് കാണുന്നു. അയാൾ ആ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയ രീതികൊണ്ടുതന്നെ ഗ്രന്ഥത്തിൽ പറയാത്ത സംഗതികൾ സ്ഥാപിക്കുകയും, സ്വന്തം ഭാവനക്കൊത്തവിധത്തിൽ ആ ഭാഗം തർജമ ചെയ്യുകയുമാണെന്ന് എനിക്ക് മനസ്സിലാകുന്നുണ്ട്.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ അന്യായഭാഗം 1-ഉം 3-ഉം സാക്ഷികൾ അവരുടെ നിലപാടുകളെല്ലാം പിന്താങ്ങത്തക്ക ഒരൊറ്റ പ്രമാണവും കോടതിക്കു മുമ്പാകെ സമർപ്പിച്ചിട്ടില്ല.

മയ്യിത്ത് മറവുചെയ്യാൻ കൊണ്ടുപോകുമ്പോൾ കലിമഃ ചൊല്ലണമെന്ന് നിയമമില്ലെന്ന് പ്രതിഭാഗം രണ്ടാം സാക്ഷി അയാളുടെ ആദ്യവിസ്താരത്തിൽ പറയുന്നു. നവവിയുടെ *അദ്കാർ* 203-ാം പേജിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട്, മയ്യിത്ത് മറവുചെയ്യാൻ കൊണ്ടുപോകുന്നത്, നിശ്ശബ്ദതയോടുകൂടിയായിരിക്കണമെന്നും അത് ചിന്തിക്കാനും ധ്യാനിക്കാനും സഹായകമായിരിക്കുമെന്നും സാക്ഷി പറയുന്നു. ബി. 6 എന്ന രേഖയിൽ മുഹമ്മദ് മുസ്‌ലിയാർ (കാടേരി) പറഞ്ഞതിനോട് ഇതിന് പൂർണമായി യോജിപ്പുണ്ട്. ഈ സാക്ഷി പ്രസ്താവിച്ചതുപോലെ അധികമാളുകളും നവവിയുടെ അഭിപ്രായത്തെ പിൻപറ്റി നടക്കുന്നില്ല. അതുകൊണ്ട് വഞ്ചിതരാകേണ്ടതില്ല.

കേസിന്റെ ഈ വശത്തെപ്പറ്റി ഈ സാക്ഷിക്ക് സൂക്ഷ്മതയോടുകൂടിയ ഒരു വിസ്താരത്തെത്തന്നെ അഭിമുഖീകരിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ മൊഴി 40, 45, 46 എന്നീ പേജുകളിൽ അതിനെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ബുഖാരി വാള്യം: 13, പേജ്: 336 ആധാരമാക്കിക്കൊണ്ട് കലിമ ചൊല്ലിയവരെ നരകത്തിൽനിന്ന് നബി രക്ഷപ്പെടുത്തുമെന്ന് സാക്ഷി. അയാളുടെ മൊഴി 49-ാം പേജിൽ പറയുന്നു. *അദ്കാർ* 72-ാം പേജിൽ ഒരു ഭാഗത്തെ അവലംബമാക്കിക്കൊണ്ട് മയ്യിത്തു കൊണ്ടുപോകുമ്പോൾ ദിക്ർ ചൊല്ലുന്നത് ഗുണകരമാണെന്ന് ആ ഭാഗം പറയുന്നില്ലെന്ന് സാക്ഷി 45-ാം പേജിൽ പറയുന്നു. മരിച്ചവനെയും അല്ലാഹുവിനെയും പറ്റി സ്മരിക്കുകയാണ് നല്ലതെന്നു മാത്രമേ അത് പറയുന്നുള്ളൂ. എന്നാൽ അതേ ഗ്രന്ഥം 73-ാം പേജിൽ പല പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ തൽഖീൻ ഓതുന്നത് സുന്നത്താണെന്ന് പറഞ്ഞിട്ടുണ്ടെന്ന് അടുത്ത നിമിഷത്തിൽ സാക്ഷി സമ്മതിച്ചിട്ടുണ്ട്. ശവസംസ്കാരാനന്തരം ജനങ്ങൾ ശ്മശാനത്തിൽനിന്നുകൊണ്ട് മരണപ്പെട്ടവരുടെ ഗുണത്തിനു വേണ്ടി പ്രാർഥിച്ചിരുന്നുവെന്ന് ഇബ്നു കസീർ പറഞ്ഞിട്ടുണ്ടെന്ന് സാക്ഷി സമ്മതിച്ചു. അതുകൊണ്ട് പ്രതിഭാഗം രണ്ടാം സാക്ഷിയുടെ തെളിവിൽനിന്ന് കലിമഃയും തൽഖീൻ ഓത്തും അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമായ പണ്ഡിതന്മാരുണ്ടെന്ന് തെളിയുന്നു.

പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടാകുമ്പോൾ ഖുർആനിലേക്കു മടങ്ങുകയാണ് കരണീയമെന്ന് അഭിപ്രായപ്പെട്ട ജഡ്ജി ഖുർആനിലെ 35-ാം അധ്യായത്തിലെ 38 മുതൽ 40 കൂടിയ ആയത്തുകൾ തെളിവായുദ്ധരിച്ച് ഇങ്ങനെ പറഞ്ഞു:

(മയ്യിത്ത് കൊണ്ടുപോകുമ്പോൾ) കലിമയും, തൽഖീൻ ഓത്തും മതത്തിൽ നിർബന്ധമില്ലെന്നും അത് തികച്ചും ഐഛിക(Optional) മാണെന്നുമുള്ള പ്രതികളുടെ വാദങ്ങളാണ് ഞാൻ സ്വീകരിക്കുന്നത്. ഈ രണ്ട് സംഗതികൾ അനുസരിക്കാത്തതിന്റെ പേരിൽ ഒരാൾ ഇസ്ലാം മതത്തിൽനിന്നു പുറത്തു പോകുന്നതല്ല.

വഃഹാബി എന്ന പദത്തിന്റെ നിർവചനം പറയവെ കഅ്ബയുടെ നേരെ നോക്കി പ്രാർഥിക്കുന്നവരെല്ലാം മുസ്ലിംകളായിരിക്കണമില്ലെന്ന് അന്യായഭാഗം 1-ാം സാക്ഷി വാദിച്ചു. എന്നാൽ മിശ്കാത്തിന്റെ ഇംഗ്ലീഷു പരിഭാഷയായ അൽഹദീസ് എന്ന ഗ്രന്ഥത്തെ അവലംബിച്ച് "നമ്മുടെ നമസ്കാരം നിർവചിക്കുകയും കഅ്ബയുടെ നേരെ മുഖംതിരിക്കുകയും നാം അറുക്കുന്ന മാംസം ഭക്ഷിക്കുകയും ചെയ്യുന്നവർ ആരോ അവൻ മുസ്ലിമാകുന്നു. അവന് അല്ലാഹുവിന്റെ സംരക്ഷണവും അവന്റെ ദൂതന്റെ ഉത്തരവാദിത്വവുമുണ്ട്. അതിനാൽ അല്ലാഹുവിന്റെ സംരക്ഷണത്തിനെതിരായി ഒന്നും ചെയ്തുപോകരുതെന്ന ഹദീസ് വാക്യം ഉദ്ധരിച്ചു കോടതി പറഞ്ഞു:" ഈ വാചകം അർഥഗർഭമാണ്. കഅ്ബയുടെ നേരെ നോക്കി നമസ്കരിക്കുന്നവൻ ആരായിരുന്നാലും അവൻ മുസ്ലിമാണെന്ന് വ്യക്തമായ ഭാഷയിൽ അത് പറയുന്നു. മുസ്ലിംകൾ ചില്ലറ കുറ്റങ്ങൾ ചെയ്താലും അവരെ ജുമുഅ പ്രാർഥനയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് ഈ സാക്ഷി സമ്മതിച്ചിട്ടുണ്ട്. ഒരു മുസ്ലിമിന്ന് മറ്റൊരു മുസ്ലിമിന്റെ വിശ്വാസങ്ങളെപ്പറ്റി സംശയം ജനിപ്പിച്ചാൽ അയാളെ ചോദ്യം ചെയ്യാൻ അവകാശമുണ്ടെന്ന് അന്യായ ഭാഗം ഒന്നാം സാക്ഷി വിചിത്രമായ രീതിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഒരാളുടെ മതവിശ്വാസങ്ങളെ ചോദ്യം ചെയ്യാൻ മറ്റൊരാളെ മതം അനുവദിക്കുന്നില്ലെന്ന് അന്യായഭാഗം മൂന്നാം സാക്ഷി (കെ.കെ അബൂബക്കർ മുസ്ലിയാർ) ദൃഢമായി പറയുന്നുണ്ട്.

എനിക്ക് ഇനി ഉപസംഹരിക്കുകയും എന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുകയെന്നതു മാത്രമേ ബാക്കിയുള്ളൂ. വഃഹാബി എന്ന പദത്തിന് ഒരു നിർവചനം തരുന്നതിൽ അന്യായക്കാരൻ വിജയിച്ചിട്ടില്ല. അന്യായഭാഗം ഒന്നാം സാക്ഷി പറഞ്ഞതും അന്യായഭാഗം മൂന്നാം സാക്ഷി ആവർത്തിച്ചതുമായ വ്യത്യാസങ്ങൾ മൗലികമാണെന്നോ, അവ ഒരാളെ ഇസ്ലാമിൽനിന്ന് പുറത്താക്കുമെന്നോ സ്ഥാപിക്കാൻ അന്യായക്കാരനു സാധിച്ചിട്ടില്ല. അധികരിച്ചാൽ അവ ചടങ്ങുകളിലുള്ള വ്യത്യാസം മാത്രമേ ആകുന്നുള്ളൂ. അന്യായത്തിൽ പറഞ്ഞ, പള്ളിയിൽ പ്രവേശിക്കുന്നതിനുള്ള പ്രതികളുടെ അവകാശവാദത്തെ അവ ഇല്ലായ്മ ചെയ്യുന്നതല്ല.

ഈ പരിതഃസ്ഥിതികളുടെയും, വാഗ്മൂലവും രേഖാമൂലവുമുള്ള തെളിവുകളുടെയും വിവിധ ഹൈക്കോടതി വിധികളുടെയും വെളിച്ചത്തിൽ അന്യായം രണ്ടാം ഖണ്ഡികയിൽ പറഞ്ഞ 'വഃഹാബി' അബ്ദുൽവഃഹാബിന്റെ അനുയായി എന്ന അർഥത്തിലും ഖാദിയാനി മിർസാഗുലാം അഹ്മദ് ഖാദിയാനിയുടെ അനുയായി എന്ന അർഥത്തിലും മാത്രം പറഞ്ഞതാണെന്നും, അന്യായക്കാരന്നു അദ്ദേഹം അപേക്ഷിച്ചതായ ആശ്വാസങ്ങൾ ലഭിക്കാൻ അവകാശമില്ലെന്നും പ്രതികൾ ആദ്യമായി സുന്നികളാണെന്നും, അന്യായം രണ്ടാം ഖണ്ഡികയിൽ പറഞ്ഞ വ്യത്യാസങ്ങൾ പതിവ് പ്രകാരം പ്രതികളെ അന്യായത്തിൽ പറഞ്ഞതിൻവണ്ണം പള്ളി ഉപയോഗിക്കുന്നതിൽനിന്നും ഒഴിച്ചു നിർത്താനാവില്ലെന്നും പ്രതികൾ പള്ളിയിൽവെച്ചു ആരാധിക്കാനും, പള്ളിയോടു ചേർന്ന ഖബറിസ്താനിൽ അവരുടെ മയ്യിത്തുകൾ മറവു ചെയ്യാനും അവകാശമുണ്ടെന്ന് ഞാൻ തീരുമാനിക്കുന്നു.

ഈദൃശ ബാലിശവാദങ്ങൾ ഉന്നയിച്ച് മുസ്‌ലിംകളിലൊരു വിഭാഗത്തിന് മതത്തിൽനിന്ന് ഭ്രഷ്ട് കൽപിക്കുകയും പള്ളിയും ശ്മശാനവും വിലക്കുകയും ചെയ്യുന്ന പൗരോഹിത്യകിരാതത്വത്തെ അതിനിശിതമായ ഭാഷയിലാണ് കോടതി വിമർശിച്ചത്. വിധിന്യായത്തിലെ ചില പരാമർശങ്ങളിലൂടെ:

ഒരു സുന്നിക്കു സ്വന്തമായി ഒരു പള്ളി വേണമെന്നും, അവൻ മറ്റുള്ളവരെ പള്ളിയിൽ പ്രവേശിക്കാൻ അനുവദിക്കുകയുമില്ലെന്നും ഒരഭിപ്രായം പ്രകടിപ്പിക്കാൻ എന്തൊരു അർഹതയാണുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അന്യായഭാഗം ഒന്നാം സാക്ഷി അങ്ങനെ വല്ല വിധിയും കൊടുത്തിട്ടുണ്ടെങ്കിൽ പോലും അതു മറ്റുള്ളവർക്ക് ബാധകമാകുന്നതല്ല. അത്തരത്തിലുള്ള ഒരു തീരുമാനമെടുക്കാൻ അയാൾ അയോഗ്യനാണെന്നു മാത്രമല്ല, ആ തീരുമാനം സ്വാർഥതാൽപര്യ പരിക്ഷണത്തിനു കൂടിയുള്ളതുമാകുന്നു.

ഇന്നലെവരെയും ഒരു പള്ളി മാത്രമാണുണ്ടായിരുന്നതെന്നും മഹല്ലിലെ എല്ലാ മുസ്‌ലിംകളും ആ സ്ഥാപനത്തിന്റെ അഭിവൃദ്ധിക്കായി തങ്ങളാലാകുന്ന സഹായ സഹകരണങ്ങൾ സംഭാവന ചെയ്തിട്ടുമുണ്ടെന്നുള്ള കാര്യം തെല്ലും ഓർക്കാതെ ഇത്തരത്തിലുള്ള കടുത്ത ഒരാരോപണം കൊണ്ടുവന്നതും തികച്ചും ദൗർഭാഗ്യകരമായിപ്പോയി. ഒമ്പതാം പ്രതിയുടെ വാപ്പ പള്ളിയിലെ കാരണവരായിരുന്നുവെന്നതിന് എന്റെ മുമ്പാകെ തെളിവുണ്ട്. പ്രതികളിൽ ചിലർ അന്യായക്കാരന്റെ ബന്ധുക്കളാണെന്നതിനും തെളിവുണ്ട്. ഇതെല്ലാമായിട്ടും അന്യായക്കാരനും കൂട്ടുകാർക്കും പ്രതികളുമായി വിവാഹബന്ധത്തിലേർപ്പെടാനോ അവരുടെ ചടങ്ങുകളിൽ പങ്കെടുക്കാനോ പാടുള്ളതല്ലെന്ന് അന്യായത്തിൽ കാണിക്കാൻ ധൈര്യപ്പെടുന്നു.

അന്യായക്കാരനും പ്രതികൾക്കുമിടയിൽ കുറഞ്ഞ വ്യത്യാസങ്ങൾ കണ്ടേക്കാമെങ്കിലും വിവിധ ഹൈക്കോടതി വിധികളും പ്രിവി കൗൺസിൽ വിധിയും ഒരു മുസ്‌ലിം പള്ളിയിൽ കടക്കുന്നതിനെയും ആരാധന നടത്തുന്നതിനെയും മറ്റൊരു മുസ്‌ലിമിനു തടസ്സപ്പെടുത്താൻ അധികാരമില്ലെന്നു തെളിയിക്കുന്നുണ്ട്. മുഹമ്മദ് നബിയുടെ കാലത്ത് അറേബ്യയിലെ കുറെ ക്രിസ്ത്യാനികൾ നബി താമസിച്ചിരുന്ന പള്ളിയിൽ ചെന്നുവെന്നും അവരുടെ പ്രാർഥനയുടെ സമയമായപ്പോൾ പരിശുദ്ധ പ്രവാചകൻ അദ്ദേഹത്തിന്റെ ക്രിസ്തീയ സഹോദരന്മാരെ അഥവാ സന്ദർശകന്മാരെ അവരുടെ ആചാരപ്രകാരം തന്നെ ആ പള്ളിയിൽവെച്ചു പ്രാർഥന നടത്താൻ അനുവദിച്ചുവെന്നും ചരിത്രം രേഖപ്പെടുത്തിയത് ഓർമിക്കുന്നത് പ്രയോജനപ്രദമായിരിക്കും.

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതൻ കാണിച്ചിട്ടുള്ള ഹൃദയവിശാലതയാണിത്. ഇങ്ങനെയുള്ള മാതൃക കാണിച്ച പരിശുദ്ധ പ്രവാചകന്റെ അനുയായികൾ ചെറുതും നിസ്സാരവുമായ സംഗതികൾക്ക് വേണ്ടി ശണ്ഠകൂടുക എന്നതുതന്നെ തീർച്ചയായും ദൗർഭാഗ്യകരമാണ്.

1954-ൽ മൊയ്തീൻകുട്ടി മൊല്ലയുടെ മരണത്തോടുകൂടിയാണ് മുഴുവൻ കേസും ആരംഭിക്കുന്നത്. തങ്ങൾക്കു സലാം ചൊല്ലുന്ന ഏതൊരു വ്യക്തിയെയും കാര്യലാഭത്തിനുവേണ്ടി കാഫിറാക്കരുതെന്നു പരിശുദ്ധ പ്രവാചകനാൽ പഠിപ്പിക്കപ്പെട്ട ഒരു സംഘം മുസ്‌ലിംകൾ പരക്കെ അറിയപ്പെടുന്ന കാരണങ്ങളാൽ മയ്യിത്ത് സംസ്കാരം ചെയ്യുന്നതിനെ തടസ്സം ചെയ്യുകയും അതിനെ മറവു ചെയ്യാതെ മയ്യിത്ത് കിടക്കാൻ അനുവദിക്കുകയും ചെയ്തു. പോലീസ് സഹായം ലഭിച്ചതിനു ശേഷം മാത്രമാണ് മയ്യിത്ത് മറവു ചെയ്യാൻ സാധിച്ചത്. അധിക വിവരമൊന്നും കൂടാതെ തന്നെ ഈ സംഭവമെല്ലാം തീർച്ചയായും ദൗർഭാഗ്യകരമാണെന്ന് ആർക്കും മനസ്സിലാകുന്നതാണ്.

തുടർന്ന് ഒന്നുമുതൽ അഞ്ചു കൂടിയ പ്രതികളുടെ വക്കീലന്മാർക്കും ആറാം പ്രതിയുടെ വക്കീലിനും ഓരോരുത്തർക്ക് 200 ക. വീതം പ്രത്യേക കോടതിച്ചെലവ് കൊടുക്കാൻ വിധിയായി. *സൂറത്തുസ്സ്വഫ്ഫി*ലെ 10 മുതൽ 14 കൂടിയ സൂക്തങ്ങൾ ഉദ്ധരിച്ച് വിധിന്യായം ഉപസംഹരിച്ച കോടതി അന്യായം പരാജയപ്പെടുകയും ചെലവുസഹിതം തള്ളുകയും ചെയ്തതായി പ്രഖ്യാപിച്ചു.

അന്യായഭാഗത്തുനിന്ന് യഥാക്രമം 1 മുതൽ 8 വരെ സാക്ഷികളായി ഇ.കെ അബൂബക്കർ മുസ്‌ലിയാർ, ദാമോദരൻ നായർ, കെ.കെ അബൂബക്കർ മുസ്‌ലിയാർ, ഒ.പി ബീരാൻകുട്ടി, ടി. അഹ്മദ് കുട്ടി, കുഞ്ഞിക്കോയ തങ്ങൾ, ഒ.പി കുഞ്ഞായൻ കുട്ടി, മുഹമ്മദ് എന്നിവരും പ്രതിഭാഗത്തുനിന്ന് അസ്സൻ, സി.പി അബൂബക്കർ മൗലവിയുമാണ് വിസ്തരിക്കപ്പെട്ടത്.